117/99 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മുസ്ലീം ലീഗിന്റെ പ്രവർത്തകരെ കോൺഗ്രസ്(ഐ) പ്രവർത്തകർ ആക്രമിച്ചതുമായി ബന്ധപ്പെട്ട് രണ്ടുകേസുകൾ രജിസ്റ്റർ ചെയ്ത അന്വേഷണം നടത്തുന്നുണ്ട്. രാഷ്ട്രീയ വിരോധം കാരണം കോൺഗ്രസ്(ഐ) പ്രവർത്തകർ സംഘം ചേർന്ന് മോട്ടോർ സൈക്കിൾ തടഞ്ഞുനിർത്തി ഇൻഡ്യൻ യൂണിയൻ ലീഗ് പ്രവർത്തകനായ കരീമിനെ കൊലപ്പെടുത്തിയ സംഭവത്തെക്കുറിപ്പ് നടത്തിയ അന്വേഷണത്തെത്തുടർന്ന് കോൺഗ്രസ് (ഐ) പ്രവർത്തകരായ ഏഴു പേരെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്തുവരികയാണെന്നാണ് റിപ്പോർട്ട്. മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും ആവശ്യമായ നടപടി എടുത്തിട്ടുണ്ട്. സ്ഥലത്ത് സംഘർഷങ്ങൾ തടയുന്നതിന് ശക്തമായ പോലീസ് ബന്തവസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ അവിടെ സമാധാനപരമായ അന്തരീക്ഷമാണുള്ളത്.

(8) നെടുംപാശ്ശേരി വിമാനത്താവളത്തോടനുബന്ധിച്ച് ഹജ്ജ് ഹൗസ് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി.പി. തങ്കച്ചൻ : സർ, ഇത്തവണ കേരളത്തിൽ നിന്നും ഹജ്ജ് തീർത്ഥാടനത്തിനുപോയവരിൽ ബഹുഭൂരിപക്ഷവും നെടുംപാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നാണ് പോയിട്ടുള്ളത്. കേരളത്തിൽ നിന്നും പോയ 11,000 പേരിൽ ഏകദേശം 8,000 പേർ നെടുംപാശ്ശേരി വിമാനത്താവളത്തിൽ നിന്നുമാണ് പോയിട്ടുള്ളത്. ഇവർക്കുവേണ്ടിമാത്രം ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ 24 ഹജ്ജ് സർവ്വീസുകൾ നടത്തുകയുണ്ടായി. അതിനു പുറമേ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വിമാനകംപനികൾ 5 സർവ്വീസുകളും നടത്തുകയുണ്ടായി. ഈ വർഷം പോയ ഹജ്ജ് തീർത്ഥാടകർക്ക് ഈ വിമാനത്താവളത്തിൽനിന്നും ഏകദേശം 20 കിലോമീറ്റർ അകലെയുള്ള മാറംപള്ളി എന്ന സ്ഥലത്തുള്ള എം.ഇ.എസ്. കോളേജിലാണ് താമസ സൗകര്യങ്ങൾ ഒരുക്കിയിരുന്നത്. പരിമിതമായ സൗകര്യങ്ങൾ പരമാവധി അവർക്ക് പ്രയോജനപ്പെടുത്തി എന്നുള്ള കാര്യത്തിൽ എം.ഇ.എസ്. ന്റെ പ്രവർത്തകരെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ഇത്രത്തോളം തീർത്ഥാടകർക്ക് അതുപോലുള്ള ഒരു സ്ഥലത്ത് താമസിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഇല്ല. ഇന്ത്യയിൽത്തന്നെ ഡൽഹി, കൽക്കട്ട, ലക്നൗ, ബോംബെ, ചെന്നൈ, ഹൈദരാബാദ് മുതലായ സ്ഥലങ്ങളിൽനിന്നും ഹജ്ജിനുപോകുന്നവർക്ക് വിമാനത്താവളത്തോടനുബന്ധമായി ഹജ്ജ് ഹൗസുകൾ പണിയുന്നതിനുള്ള തീരുമാനങ്ങളായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തമിഴ്നാട് ഗവൺമെന്റും മഹാരാഷ്ട്ര ഗവൺമെന്റും ഇതിനകംതന്നെ ഹജ്ജ് ഹൗസുകൾ പണിതുകഴിഞ്ഞു. സെൻട്രൽ ഗവൺമെന്റിന്റെ വകയായി ഡൽഹിയിൽ ഒരു ഹജ്ജ് ഹൗസ് പണിയാൻ ഉദ്ദേശിക്കുന്നതായി മനസ്സിലാക്കുന്നു. നെടുംപാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തോടനുബന്ധിച്ച് ഹജ്ജ് തീത്ഥർടാകരുടെ സൗകര്യം കണക്കിലെടുത്ത് ഒരു ഹജ്ജ് ഹൗസ് പണിയുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കണം, ഹജ്ജ് കമ്മിറ്റിയും മറ്റ് സംഘടനകളും ഈ കാര്യത്തിൽ സഹായിക്കുമെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അടിയന്തിരമായി ഇക്കാര്യങ്ങളിൽ നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, കേരളത്തിലെ മുസ്ലീം സമുദായത്തിന്റെ വളരെക്കാലമായുള്ള ആവശ്യമായിരുന്നു കേരളത്തിൽ നിന്നും നേരിട്ട് ഹജ്ജ് തീർത്ഥാടനത്തിനായി പോകാനുള്ള സൗകര്യം ലഭ്യമാക്കുക എന്നുള്ളത്. ഈ വർഷം അത് നേടിയെടുക്കാൻ കഴിഞ്ഞു എന്നുള്ളത് ഏറ്റവും സന്തോഷകരമായ വസ്തുതയാണ്. ഫെബ്രുവരിമാസം 25 മുതൽ മാർച്ച് 7 വരെയുള്ള ദിവസങ്ങളിൽ കൊച്ചി വിമാനത്താവളത്തിൽ നിന്നും കേരള ഹജ്ജ് കമ്മിറ്റി മുഖേന 3384 സ്ത്രീകളും മൂന്നു കുട്ടികളുമടക്കം 7193 തീർത്ഥാടകരാണ് യാത്ര തിരിച്ചത്. തീർത്ഥാടകരെ സ്വീകരിക്കുന്നതിനും അവർക്ക് താമസ സൗകര്യങ്ങളടക്കമുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും അവരെ വിമാനത്തിൽ യാത്ര അയയ്ക്കുന്നതിനും ഗവൺമെന്റും കേരള ഹജ്ജ് കമ്മിറ്റിയും വിപുലമായ ഒരുക്കങ്ങൾ നടത്തിയിരുന്നു. ശ്രീ. കമാൽകുട്ടി ഐ.എ.എസ്. നെ ഹജ്ജ് കമ്മിറ്റിക്കു വേണ്ടിയുള്ള സ്പെഷ്യൽ കോ-ഓർഡിനേറ്ററായി 15 അംഗഹജ്ജ് സെൽ രൂപീകരിക്കുകയും അതിന്റെ നേതൃത്വത്തിൽ കെ.എസ്.ആർ.ടി.സി., വാട്ടർ അതോറിറ്റി, ആരോഗ്യം, ഫയർഫോഴ്സ്, പോലീസ്, എയർ ഇന്ത്യ എന്നീവകുപ്പുകളുടേയും കൊച്ചി വിമാനത്താവള അധികൃതർ, ജില്ലാ കളക്ടർ, വാഴക്കുളം പഞ്ചായത്ത് പ്രതിനിധികൾ എന്നിവരുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് തീർത്ഥാടകർക്ക് എല്ലാവിധ സൗകര്യങ്ങളും സജ്ജമാക്കുകയും ചെയ്തിരുന്നു. ഹജ്ജ് കമ്മിറ്റി വൈസ് ചെയർമാന്റെ നേതൃത്വത്തിൽ വിവിധ മുസ്ലീം സംഘടനകൾ യോഗം ചേർന്ന് രൂപീകരിച്ച ഹജ്ജ് വെൽഫെയർ സൊസൈറ്റി മുൻകൈയെടുത്ത് മാറംപള്ളി എം.ഇ.എസ്. കോളേജിലാണ് തീർത്ഥാടകർക്കുള്ള ക്യാംപ് സംഘടിപ്പിച്ചത്. നൂറുകണക്കിന് വോളന്റിയർമാരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനം കൂടിയായപ്പോൾ 2000-ലെ ഹജ്ജ് ഓപ്പറേഷൻ കേരളത്തെ സംബന്ധിച്ചിടത്തോളം ചരിത്രസംഭവമാക്കാൻ കഴിഞ്ഞു. ഇതിനു സഹകരിച്ച എല്ലാ വ്യക്തികളോടും അതിനു മുൻകൈ എടുത്ത എം.ഇ.എസ് പ്രതിനിധികളോടും മറ്റുദ്യോഗസ്ഥരോടും നന്ദി രേഖപ്പെടുത്തുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ആയിരക്കണക്കിനുവരുന്ന ഹജ്ജ് തീർത്ഥാടകരുടെ താമസത്തിനു വേണ്ടി ഹജ്ജ് ഹൗസ് നിർമ്മിക്കുക എന്നത് ഒരു വൻ പദ്ധതിയായിരിക്കും. നിലവിൽ കോഴിക്കോട് വിമാനത്താവളത്തിനടുത്ത് ഒരു ഹജ്ജ് ഹൗസുണ്ട്. ഹജ്ജ് വിമാനങ്ങൾ കോഴിക്കോട്ടുനിന്നും പുറപ്പെടുന്ന കാര്യം തീരുമാനിക്കുന്നതിനു മുൻപ് നിർമ്മിച്ച ആ ഹജ്ജ് ഹൗസ് ഇപ്പോൾ ഉപയോഗപ്പെടുത്താതെ അടച്ചു പൂട്ടിയിരിക്കുകയാണ്. ഈ അനുഭവം ഉൾക്കൊണ്ടുകൊണ്ട്, തീർത്ഥാടകർക്ക് ഉപയോഗിക്കാൻ കഴിയുന്ന സാഹചര്യം ഉറപ്പായാൽ മാത്രമേ ഹജ്ജ് ഹൗസ് നിർമ്മിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. കേരളത്തിൽനിന്നും ഈ വർഷം ഹജ്ജ് കമ്മിറ്റി മുഖേന യാത്രതിരിച്ച് 7000-ത്തിലധികം തീർത്ഥാടകരിൽ 5000-ൽപ്പരം പേരും മലബാർ ജില്ലകളിൽ നിന്നുള്ളവരാണ്. കോഴിക്കോട് വിമാനത്താവളത്തിൽനിന്നും ഹജ്ജ് വിമാനം പുറപ്പെടണമെന്ന ന്യായമായ ആവശ്യം അവർ ഉയർത്തിയിട്ടുണ്ട്. എന്നാൽ റൺവേയുടെ പോരായ്മകൊണ്ട് ഈ വർഷം അത് സാദ്ധ്യമായിട്ടില്ല. വരും വർഷങ്ങളിൽ സാധ്യമായാൽ കോഴിക്കോടു നിന്നും കൊച്ചിയിൽനിന്നും ഹജ്ജ് വിമാനങ്ങൾ പുറപ്പെടാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു. കൊച്ചിയിൽനിന്നും ഹജ്ജ് വിമാനം സ്ഥിരമായി പോകാൻ കഴിയുന്ന സാഹചര്യമുണ്ടായാൽ തീർച്ചയായും നെടുംപാശ്ശേരി വിമാനത്താവളത്തോടനുബന്ധിച്ച് ഹജ്ജ് ഹൗസ് നിർമ്മിക്കാനുള്ള ശ്രമം ഗവൺമെന്റ് നടത്തുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly